വിദ്യാഭ്യാസ ജില്ല : പുനലൂർ

ഉപജില്ല : പുനലൂർ

# അക്കാദമിക് മാസ്റ്റർപ്ലാൻ

## 2025-'26

## ഗവ. എൽ. പി. എസ്
## ആവണീശ്വരം

avaneeswaramglps@gmail.com

റവന്യൂ ജില്ല : പുനലൂർ

DATE

# അക്കാദമിക മാസ്റ്റർ പ്ലാൻ

# 2025-26

"ഒരു ശിശുവിന്റെ ശരീരത്തിലും മനസ്സിലും ആത്മാവിലും ഉള്ള ഉത്തമവും നല്ലതിനെ വികസിപ്പിക്കുന്നതാണ് വിദ്യാഭ്യാസം"

- മഹാത്മാ ഗാന്ധി

ഗവ: എൽ. പി. എസ് തിരുവനന്തപുരം

PAPER LINE

## ആമുഖം

കൊല്ലം ജില്ലയിൽ തലവൂർ ഗ്രാമപഞ്ചായ-ത്തിലെ നെടുവന്നൂർ വാർഡിൽ സ്ഥിതി ചെയ്യുന്ന ഒരു പ്രൈമറി സ്കൂളാണ് ഗവ. എൽ. പി. എസ് ആവണീശ്വരം. 1948-ൽ ആരംഭിച്ച ഈ വിദ്യാലയം നെടുവന്നൂരിന്റെയും, കേരളത്തിന്റെയും വിവിധ മേഖ-ലകളിൽ നിരവധി വ്യക്തിത്വങ്ങളെ സൃഷ്ടിച്ചിട്ടുള്ള പാരമ്പര്യം പേറുന്ന വിദ്യാലയമാണ്. സർക്കാർ മേഖല-കളിൽ ഈ സ്കൂളിലെ പൂർവ്വ വിദ്യാർത്ഥികൾ സേവനമനുഷ്ഠിച്ചുവരുന്നു. ഈ സ്കൂളിനു സമീപത്തായി ഒരു Food Corporation India യുടെ ഗോഡൗണും, തൊട്ടടുത്തായി ഒരു പത്തനാപുരം Fire force-ഓഫീസും ഉണ്ട്. രൂപീകരണത്തിന്റെ 77 വർഷങ്ങൾ പിന്നിടുമ്പോൾ പ്രീ പ്രൈമറി മുതൽ 4-ാം ക്ലാസ് വരെ കുട്ടികൾ ഈ സ്കൂളിൽ പഠിക്കുന്നുണ്ട്.

ഹെഡ്മാസ്റ്റർ ഉൾപ്പെടെ 3 ടീച്ചർമാരും ഒരു പാർട്ട് ടൈം സ്വീപ്പറും, പ്രീ പ്രൈമറി വിഭാഗ-ത്തിൽ ഒരു ടീച്ചറും ആയയും ഇപ്പോൾ ഈ-സ്കൂളിൽ ജോലി നോക്കുന്നുണ്ട്. SMC, PTA, തദ്ദേശസ്വയംഭരണ സ്ഥാപനത്തിലെ അംഗങ്ങൾ, ഹെൽത്തിലെ അംഗങ്ങൾ, പൂർവ്വവിദ്യാർത്ഥികൾ

എന്ന നാട്ടുകാർ എന്നിവരുടെ സജീവമായ ഇടപെ-
ടലുകളും, സഹകരണവും ഈ സ്കൂളിനെ മികച്ച
നിലവാരത്തിലേക്ക് കൊണ്ടു പോകാൻ സാധി-
ക്കുന്നുണ്ട്. പ്ലാസ്റ്റിക് വിമുക്ത വിദ്യാലയമായി ഈ-
ഷലാലയത്തെ ഉയർത്താൻ സാധിച്ചിട്ടുണ്ട്.

പരീക്ഷകളിലും, ശാസ്ത്ര - കലാമേളകളിലും
മികച്ച നിലവാരം പുലർത്തുന്ന കുട്ടികളാണ്
ഈ സ്കൂളിൽ ഉള്ളത്. LSS പരീക്ഷകളിൽ മികവാർന്ന
വിജയം കൈവരിക്കാൻ സാധിച്ചിട്ടുണ്ട്. വരും വർഷങ്ങ-
ളിലും അതിനുള്ള തയ്യാറെടുപ്പുകൾ സ്കൂൾ തുട-
ങ്ങുന്നതു മുതൽ ആരംഭിക്കും.

## ലക്ഷ്യങ്ങൾ

- ഓരോ വിദ്യാർത്ഥിക്കും വിദ്യാലയവും പഠനപ്രവർത്തനങ്ങളും അങ്ങേയറ്റം ആസ്വാദ്യകരമാക്കുക
- വിദ്യാലയത്തിലെ കുട്ടികളുടെ പൂർണ്ണ പങ്കാളിത്തം ഉറപ്പാക്കാനുള്ള പ്രവർത്തനങ്ങൾ സംഘടിപ്പിക്കുക.
- വിദ്യാർത്ഥികൾക്ക് ക്ലാസ്മുറിയിലെ പഠനപ്രവർത്തനങ്ങൾക്കും ദിനാചരണങ്ങൾക്കും പുറമെ കലാ. കായിക, പ്രവൃത്തി പരിചയ പഠനപ്രവർത്തനങ്ങളിൽ സജീവമായി ഇടപെടുന്നതിനുള്ള സംവിധാനങ്ങൾ ഒരുക്കുക.
- വിദ്യാലയത്തിലെ പഠന പിന്തുണ സംവിധാനങ്ങൾ ഫലപ്രദമായി ~~ഉപയോഗിക്കുക~~ പ്രയോജനപ്പെടുത്തുക
- എല്ലാ അധ്യാപകരും ആധുനിക സാങ്കേതിക വിദ്യയുടെ സഹായത്താൽ നിരന്തരം അറിവുകൾ പുതുക്കി നിർമ്മിക്കുകയും പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്ത് നടപ്പാക്കുകയും ചെയ്യുക..
- ഓരോ വിദ്യാർത്ഥിയെയും ഒരു യൂണിറ്റായി കണ്ടുകൊണ്ട് അവരുടെ പരമാവധി വികാസം സാധ്യമാകുന്ന തരത്തിൽ വിദ്യാലയത്തെ സജ്ജമാക്കുക .
- പ്രത്യേക പരിഗണന അർഹിക്കുന്ന കുട്ടികൾക്ക് അക്കാദമിക ഗുണനിലവാരം ഉറപ്പാക്കുന്നതിനുള്ള പ്രത്യേക പദ്ധതികൾ ആസൂത്രണം ചെയ്യുക
- കുട്ടികൾക്ക് പോഷകാഹാരം ഉറപ്പു വരുത്തുക
- പഠനയാത്രകൾ കാര്യക്ഷമമാക്കുക
- ലഹരി, പ്ലാസ്റ്റിക് മലിനീകരണ മുക്ത വിദ്യാലയം സൃഷ്ടിക്കുക
- ഗണിതം, ശാസ്ത്ര വിഷയങ്ങളിൽ സമ്പൂർണ്ണ ശേഷി കൈവരിക്കൽ

PAPER LINE

- എല്ലാ കുട്ടികൾക്കും അതാത് ക്ലാസിൽ നേടേണ്ട പഠനശേഷികൾ ഉറപ്പുവരുത്തും
- കുട്ടികളുടെ സർഗ്ഗപരവും അക്കാദമികവുമായ കഴിവ് വികസിപ്പിച്ച് നന്നായി എഴുതാനും വായിക്കാനും പ്രാപ്തരാക്കും
- ഒന്നാം ക്ലാസുമുതൽ വായനാശേഷി വികസിപ്പിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നടത്തും
- ഓരോ കുട്ടിയെയും സാമൂഹ്യപ്രതിബദ്ധതയുള്ള ഒരു നല്ല വ്യക്തിയായി വളർത്തിയെടുക്കാൻ പരിശ്രമിക്കും
- പൊതു സമൂഹത്തിന്റെ പിന്തുണ വിദ്യാലയത്തിനും വിദ്യാലയത്തിന്റെ പിന്തുണ പൊതു സമൂഹത്തിനും ഉറപ്പാക്കും

# സ്കൂൾ ചരിത്രം

ആവണീശ്വരം ഗവ. LPS . 1948 - ലാണ് സ്ഥാപിതമായത്. സ്വാതന്ത്ര്യലബ്ധിയെത്തുടർന്ന് തിരുവിതാംകൂർ - കൊച്ചി സംസ്ഥാനത്ത് പ്രാഥമിക വിദ്യാഭ്യാസം സാർവത്രികവും നിർബന്ധവുമാക്കിയതിനെത്തുടർന്ന് പുതിയ അനേകം വിദ്യാലയങ്ങൾ സ്ഥാപിക്കേണ്ടതായി വന്നു. ഉചിതമായ സ്ഥലം കണ്ടെത്തണം. പുതിയ കെട്ടിടങ്ങൾ പണിയണം. സർക്കാരിന്റെ സാമ്പത്തിക ശേഷി വളരെ പരിമിതവും. അപ്പോഴാണ് നെടുവന്നൂർ വലിയ വീട്ടിൽ (കിഴക്കേടാലിയാട്ട്) ശ്രീ കുട്ടപ്പൻ പിള്ള അവർകൾ സൗജന്യമായി 13 സെന്റ് സ്ഥലം സ്കൂളിനുവേണ്ടി നൽകാൻ സന്നദ്ധത കാട്ടിയത്. ആ സ്ഥലത്ത് നിർമ്മിച്ച സ്കൂൾ കെട്ടിടമാണ് ഇന്നും നിലനിൽക്കുന്നത്. ആദ്യം ഒരു താൽക്കാലിക ഷെഡിൽ പ്രവർത്തനം ആരംഭിച്ചെങ്കിലും താമസം വിനാ 60 അടി നീളത്തിൽ ഒരു സ്കൂൾ കെട്ടിടം അക്കാലത്തെ രീതിയനുസരിച്ച് തടിയും മേച്ചിലോടും ഉപയോഗിച്ച് നിർമ്മിക്കപ്പെട്ടു. ആ കെട്ടിടം ഇന്നും വലിയ കേടുപാടുകൾ കൂടാതെ നിലനിൽക്കുന്നു. പത്തനാപുരം ബ്ലോക്ക് പഞ്ചായത്തിൽ നിന്നും നിർമ്മിതി കെട്ടിടം പണികഴിപ്പിച്ചെങ്കിലും അത് കുട്ടികളുടെ ശരിയായ പഠനത്തിന് പര്യാപ്തമായിരുന്നില്ല. അതിനാൽ പിന്നീട് അത് പൊളിച്ചു മാറ്റി.

സ്കൂളിന്റെ ആരംഭകാലത്ത് സ്കൂളിനു മുന്നിൽ 50 സെന്റ് സ്ഥലം കാട് പിടിച്ച് കിടന്നിരുന്നു. ഈ സ്കൂളിന്റെ ആദ്യകാല അധ്യാപകരിൽ ഒരാളായ കോട്ടയം പാലാ നിവാസിയായ ശ്രീ. കെ.എൻ. ശിവരാമപ്പണിക്കർ എന്ന അധ്യാപകന്റെ നേതൃത്വത്തിൽ സ്കൂൾ കുട്ടികളും അധ്യാപകരും ചേർന്ന് കൃഷിസ്ഥലമായി വികസിപ്പിച്ചെടുത്തു.

യഥാർത്ഥത്തിൽ ഈ സ്ഥലം നെടുവന്നൂർ താന്നിയപ്പൻകാവ് ക്ഷേത്രത്തിന്റെ കൈവശമിരുന്ന പുറമ്പോക്ക് ഭൂമിയാണ്. പിന്നീടത് fire and safety department-ന് ആഫീസ് കെട്ടിടം നിർമിക്കുന്നതിനായി തലവൂർ ഗ്രാമപഞ്ചായത്ത് വിട്ടുനൽകി.

തുടക്കത്തിൽ 5-10 ക്ലാസ് വരെ ഉണ്ടായിരുന്നെങ്കിലും പിന്നീട് UP സ്കൂളിലേക്ക് അത് മാറ്റപ്പെട്ടു. ആദ്യകാലത്ത് ഷിഫ്റ്റ് സമ്പ്രദായത്തിലാണ് ക്ലാസുകൾ നടന്നിരുന്നത്. പിന്നീട് 1 മുതൽ 4 വരെ ഫുൾടൈം ക്ലാസ് നിലവിൽ വന്നു. സംഗീതം, തയ്യൽ തുടങ്ങി പാഠ്യേതര വിഷയങ്ങൾക്കും അറബിക്കിനും പ്രത്യേകം അധ്യാപകർ ഉണ്ടായിരുന്നു. പിന്നീട് കുട്ടികളുടെ എണ്ണത്തിൽ കുറവുണ്ടാവുകയും ഓരോ ഡിവിഷനായി മാറുകയും ചെയ്തതോടെ സ്പെഷ്യലിസ്റ്റ് അധ്യാപകരുടെ സേവനവും ഇല്ലാതായി. ശ്രീമതി കെ. കമലാക്ഷി, ശ്രീമതി N കൊച്ചുപാർവതി, ശ്രീ. T ജോർജ്ജ് എന്നിവർ 25 വർഷത്തിലധികം ഈ സ്കൂളിൽ തന്നെ സേവനം അനുഷ്ഠിച്ചിട്ടുള്ളവരാണ്.

ബഹു. പത്തനാപുരം MLA ശ്രീ. കെ.ബി ഗണേഷ് കുമാർ അവർകളുടെ ശ്രമഫലമായി ഒരു കോടി രൂപ ചെലവഴിച്ച് നിർമിച്ച കെട്ടിടം 2021-ൽ ഉദ്ഘാടനം ചെയ്തു. പുതിയ കെട്ടിടത്തിൽ ക്ലാസ്സുകൾ നടന്നു വരുന്നു.

PAPER LINE

ATE
PAGE

## കാഴ്ചപ്പാട്

വിദ്യാഭ്യാസം എന്നത് കേവലമായ അറിവുനേടൽ മാത്രമല്ല. എന്നാൽ നമ്മുടെ സമൂഹം ഏറെക്കാലം ഇതേ തിരിച്ചറിഞ്ഞതാണ് പാഠപുസ്തകങ്ങളിലെ അറിവുകളെ മാത്രം കേന്ദ്രീകരിച്ചുള്ള വിദ്യാഭ്യാസ പ്രവർത്തനമാണ് പലപ്പോഴും നമ്മുടെ ക്ലാസ് മുറികളിൽ നടന്നു വന്നിരുന്നത്. ഇതിന് മാറ്റം വരുത്താൻ ലക്ഷ്യമിട്ടാണ് പാഠ്യപദ്ധതി ചട്ടക്കൂട് 2023-ൽ നിലവിൽ വന്നത്. ഇതിന്റെ അടിസ്ഥാനത്തിലുള്ള സമഗ്രഗുണമേന്മാ വിദ്യാഭ്യാസമാണ് ഈ അക്കാദമിക മാസ്റ്റർപ്ലാനും ലക്ഷ്യമിടുന്നത്.

പാഠപുസ്തകത്തിലെ വിവരങ്ങളിലും അറിവുകളിലും മാത്രം ഒതുക്കപ്പെടുന്ന കുട്ടിക്ക് സമൂഹത്തിൽ ജീവിക്കുവാൻ ആവശ്യമായ പല ശേഷികളും പിന്നീട് നേടിയെടുക്കേണ്ടതായി വരുന്നു എന്നതായിരുന്നു മുൻകാല അനുഭവം. പുതിയ പാഠ്യപദ്ധതി പരിഷ്കരണത്തിലൂടെ ഈ പ്രശ്നത്തിന് വലിയൊരളവിൽ പരിഹാരമാവുകയാണ്. ട്രാഫിക് നിയമങ്ങൾ, ശുചിത്വ ശീലങ്ങൾ, ഭക്ഷണ ശീലങ്ങൾ, വ്യായാമവും ആരോഗ്യ ശീലങ്ങളും, ഡിജിറ്റൽ അച്ചടക്കം, പൊതുമുതൽ സംരക്ഷണം, തുടങ്ങി ഒട്ടേറെ മേഖലകൾ വിവിധ ക്ലാസുകളിലെ പാഠ്യപദ്ധതിയുടെ ഭാഗമാക്കിയിട്ടുണ്ട്.

ഓരോ ക്ലാസിലും നേടേണ്ട അറിവുകളും കഴിവുകളും നൈപുണികളും അതാതു ക്ലാസ്സിൽ തന്നെ നേടി എന്ന് ഉറപ്പുവരുത്തിയും ഭാഷ, ശാസ്ത്രം, ഗണിതം, [illegible] സാങ്കേതിക വിദ്യ എന്നിവയിലൂന്നിയും രക്ഷിതാക്കളെ കഴിയുന്നത്ര പഠന പ്രക്രിയയുടെ ഭാഗമാക്കിയും ഓരോ കുട്ടിയു-

PAPER LINE

## സ്വയം ഗുണമേന്മാ പദ്ധതി

## 2025-26

പൊതു വിദ്യാലയങ്ങളിൽ അക്കാദമികവും ഗുണനിലവാരവും ഉറപ്പാക്കുന്നതിനായി പൊതു വിദ്യാഭ്യാസ വകുപ്പ് നടപ്പിലാക്കിയ സ്വയം ഗുണമേന്മ പദ്ധതിയുടെ ലക്ഷ്യങ്ങൾ മുൻനിർത്തിയുള്ള പദ്ധതികളും പ്രവർത്തനങ്ങളും കാര്യക്ഷമമായ രീതിയിൽ അവണീശ്വരം ഗവ. എൽ. പി. സ്കൂളിൽ നടപ്പിലാക്കി കൊണ്ടിരിക്കുന്നു.

അക്കാദമിക പ്രവർത്തനങ്ങളുടെ കാര്യക്ഷമത വർദ്ധിപ്പിക്കൽ, പഠന പിന്തുണ പ്രവർത്തനങ്ങൾ, സാങ്കേതിക വിദ്യയുടെ സഹായത്തോടെയുള്ള പഠനം, ഓരോ ക്ലാസ് റൂമിലും എല്ലാ വിഭാഗം കുട്ടികളെയും പരിഗണിച്ചുകൊണ്ടുള്ള പ്രവർത്തനങ്ങൾ നടപ്പിലാക്കൽ തുടങ്ങി സ്വയം ഗുണമേന്മ പദ്ധതിയുടെ ലക്ഷ്യം മുൻനിർത്തിയുള്ള പ്രവർത്തനങ്ങൾ ആണ്.

2025.26 അധ്യയന വർഷം കുട്ടികളുടെ സ്വയം വികാസം ലക്ഷ്യം വച്ചുകൊണ്ട് സ്കൂൾ പിടിഎ, എസ്. എം. സി. എസ്. ആർ. ജി യോഗങ്ങൾ ചേർന്ന് സ്വയം ഗുണമേന്മ പദ്ധതി പ്രവർത്തനങ്ങൾ ആസൂത്രണം

ചെയ്തു. കുട്ടികളിൽ നൂതന ആശയങ്ങൾ രൂപപ്പെടു
ത്തുന്നതിനും നൂതന ചിന്ത പരിപോഷിപ്പിക്കുന്ന
തിനും സഹായിക്കുന്ന രീതിയിൽ പാഠഭാഗങ്ങളു
മായി ബന്ധിപ്പിച്ചുള്ള പ്രവർത്തനങ്ങളാണ്
ആസൂത്രണം ചെയ്തത്. സമഗ്ര ഗുണമേന്മ പദ്ധതി
പ്രകാരം പാഠ്യവിഷയങ്ങൾക്കൊപ്പം കുട്ടികളുടെ
സമഗ്രവികാസം ലക്ഷ്യം വെച്ച് ജൂൺ 3 മുതൽ
13 വരെയുള്ള തീയതികളിൽ ലഹരിവിരുദ്ധ
ബോധവൽക്കരണം, റോഡ് സുരക്ഷ, വ്യക്തിത്വം
പരിസര ശുചിത്വം, ആരോഗ്യം, വ്യായാമം, പൊതു
മുതൽ സംരക്ഷണം തുടങ്ങി വിവിധ വിഷയങ്ങ-
ളിൽ ബോധവൽക്കരണ ക്ലാസുകൾ നൽകാനും
ഇതിന്റെ തുടർച്ച എന്ന നിലയിൽ 2025-26
അധ്യയനവർഷം മുഴുവൻ നീണ്ടു നിൽക്കുന്ന
പ്രവർത്തന പദ്ധതികൾ, ദിനാചരണങ്ങൾ,
പഠന വിഷയങ്ങൾ എന്നിവയുമായി ബന്ധപ്പെടു-
ത്തി നടപ്പിലാക്കാനും തീരുമാനിച്ചു

# ഭൗതിക വിവരങ്ങൾ

സ്കൂളിന്റെ പേര് : ഗവ. എൽ. പി. എസ് അവണീശ്വരം

ഫോൺ നമ്പർ : 04752323711

ഈ മെയിൽ : avaneeswaramglps@gmail.com

ജില്ല : കൊല്ലം

പോസ്റ്റോഫീസ് : അവണീശ്വരം RSPO

പിൻ കോഡ് : 691508

സ്കൂൾ കോഡ് : 40404

യുഡൈസ് കോഡ് : 32131001102

റവന്യൂ ജില്ല : കൊല്ലം

വിദ്യാഭ്യാസ ജില്ല : കൊട്ടാരക്കര

ഉപജില്ല : പുനലൂർ

ബി. ആർ. സി : പുനലൂർ

ലോകസഭാ മണ്ഡലം : മാവേലിക്കര

നിയമസഭാ മണ്ഡലം : പത്തനാപുരം

താലൂക്ക് : പത്തനാപുരം

ബ്ലോക്ക് പഞ്ചായത്ത് : പത്തനാപുരം

തദ്ദേശ സ്വയംഭരണസ്ഥാപനം : തലവൂർ

വാർഡ് നമ്പർ : 12

## സ്കൂളിലെ ആകെ കുട്ടികൾ

2025 - 26

| ക്ലാസ് | ആൺകുട്ടികൾ | പെൺകുട്ടികൾ | ആകെ |
|---|---|---|---|
| പ്രീ-പ്രൈമറി | 8 | 14 | 22 |
| ഒന്ന് | 6 | 3 | 9 |
| രണ്ട് | 3 | 11 | 14 |
| മൂന്ന് | 4 | 11 | 15 |
| നാല് | 4 | 4 | 8 |
| ആകെ | 25 | 43 | 68 |

## അധ്യാപക - അധ്യാപകേതര ജീവനക്കാർ

| Sl നം | പേര് | തസ്തിക. |
|---|---|---|
| 1 | ഗീതാകുമാരി. കെ | പ്രധാനാധ്യാപിക |
| 2 | ലാലി. കെ | എൽ പി എസ് എ |
| 3 | സ്മിത NT | എൽ പി. എസ്. എ |
| 4 | അനു V വിജയൻ | എൽ പി. എസ്. എ |
| 5 | അനിൽകുമാർ S | പി ടി സി എം. |
| 6 | ലീന | പ്രീപ്രൈമറി അധ്യാപിക |
| 7 | സജന | പ്രീപ്രൈമറി ആയ |
| 8 | സുഭദ്ര. S | പാചക തൊഴിലാളി |

PAPER LINE

# ക്ലബ്ബുകൾ

- ശാസ്ത്ര ക്ലബ്ബ്
- വിദ്യാരംഗം ക്ലബ്ബ്
- ഭാഷാ ക്ലബ്ബ്
- ഗണിത ക്ലബ്ബ്
- പരിസ്ഥിതി ക്ലബ്ബ്

## പരിമിതികൾ

കുട്ടികൾക്ക് സ്കൂളിനോട് ചേർന്ന് കളിസ്ഥലം ഇല്ലാത്തതിനാൽ ഇടവേളകളിൽ കളിക്കുന്നതിന് അവസരം ലഭിക്കുന്നില്ല. സ്കൂളിൽ നല്ലൊരു ലൈബ്രറിയും ആവശ്യമാണ്. അതുകൂടാതെ ഭംഗിയായ ഒരു പൂന്തോട്ടത്തിന്റെ അഭാവം ഉണ്ട്. ഒരു ജൈവ വൈവിധ്യ പാർക്കും സ്കൂളിൽ നിർമ്മിക്കേണ്ടതായിട്ടുണ്ട്.

## അക്കാദമിക മികവുകൾ

- എല്ലാ വർഷവും LSS പരീക്ഷയിൽ മികച്ച വിജയം പുലർത്തി വരുന്നു.

## ദിനാചരണങ്ങൾ

ജൂൺ 2 - പ്രവേശനോത്സവം. പുതുതായി സ്കൂളിൽ എത്തിച്ചേരുന്ന കുട്ടികളെയും നിലവിലുള്ള കുട്ടികളെയും ആഘോഷമായി സ്കൂളിലേയ്ക്ക് വരവേൽക്കുന്നു. സ്കൂളും പരിസരവും അലങ്കരിക്കുന്നു. ആദ്യ ദിവസം മധുരം നൽകി മധുരതരമായ അന്തരീക്ഷമാക്കുന്നു.

ജൂൺ 5 - ലോക പരിസ്ഥിതി ദിനം. വൃക്ഷത്തൈ നടീൽ, 'എന്റെ മരം' പദ്ധതി നടപ്പിലാക്കൽ

ജൂൺ 12 - ബാല വേല വിരുദ്ധ ദിനം. പോസ്റ്റർ, പ്ലക്കാർഡ് നിർമ്മാണം

ജൂൺ 19 - വായനദിനം - പി.എൻ. പണിക്കർ അനുസ്മരണം, ക്ലാസ് ലൈബ്രറി രൂപീകരണം, വീട്ടിലൊരു ലൈബ്രറി, പുസ്തക വിതരണം, വായനക്കുറിപ്പ് തയ്യാറാക്കൽ

ജൂൺ 21 - അന്തർദേശീയ യോഗദിനം - വ്യായാമം ചെയ്യുന്നതിന്റെ ആവശ്യകത - ബോധവത്കരണ ക്ലാസ്, വീഡിയോ പ്രദർശനം, സൂംബ ഡാൻസ്

ജൂൺ 26 - ലോക മയക്കുമരുന്ന് വിരുദ്ധ ദിനം - ബോധവത്കരണ ക്ലാസ്, പ്രത്യേക അസംബ്ലി, പ്രതിജ്ഞ, പ്ലക്കാർഡ്, പോസ്റ്റർ നിർമ്മാണം

ജൂലൈ 5 - ബഷീർ അനുസ്മരണം - ബഷീർ കൃതികളുടെ പ്രദർശനം

ജൂലൈ 21 - ചാന്ദ്രദിനം - വീഡിയോ പ്രദർശനം, പതിപ്പ്, റോക്കറ്റ്, പോസ്റ്റർ നിർമ്മാണം

PAPER LINE

ജൂലൈ 26 - കാർഗിൽ വിജയ ദിനം - വീര ജവാന്മാരെ ആദരിക്കൽ

ജൂലൈ 28 - ലോക പ്രകൃതി സംരക്ഷണ ദിനം - പ്രകൃതി സംരക്ഷണത്തിന്റെ ആവശ്യകത, വീഡിയോ പ്രദർശനം

ആഗസ്റ്റ് 6, 9 - ഹിരോഷിമ, നാഗസാക്കി ദിനം - യുദ്ധ വിരുദ്ധ പ്രതിജ്ഞ, ക്വിസ്

ആഗസ്റ്റ് 15 - സ്വാതന്ത്ര്യ ദിനം - സ്വാതന്ത്ര്യ ദിന റാലി, പതാക ഉയർത്തൽ, ക്വിസ് മത്സരം, പതിപ്പ് തയ്യാറാക്കൽ

ആഗസ്റ്റ് 17 - കർഷക ദിനം - കർഷകരുമായി അഭിമുഖ വയലുകൾ സന്ദർശനം

സെപ്റ്റംബർ 5 - അധ്യാപക ദിനം - അധ്യാപകരെ ആദരിക്കൽ, കുട്ടി അധ്യാപകരുടെ ക്ലാസ്

ഒക്ടോബർ 2 - ഗാന്ധിജയന്തി - സേവന ദിനം. സ്കൂളും പരിസരവും വൃത്തിയാക്കൽ, ഗാന്ധി ക്വിസ്

നവംബർ 1 - കേരള പിറവി ദിനം - വിവിധ ജില്ലകളിലെ പ്രാദേശിക ഭാഷാ ആവിഷ്കാരം

ഡിസംബർ 7 - പതാക ദിനം - വിവിധ രാജ്യങ്ങളിലെ പതാകകൾ ശേഖരിച്ച് ആൽബം തയ്യാറാക്കുന്നു.

ജനുവരി 26 - റിപ്പബ്ലിക് ദിനം - പോസ്റ്റർ, പതിപ്പ് നിർമ്മാണം.

ഫെബ്രുവരി 21 - ലോക മാതൃഭാഷാ ദിനം - പ്രസംഗ മത്സരം

ഫെബ്രുവരി 28 - ദേശീയ ശാസ്ത്ര ദിനം - പരീക്ഷണം ചെയ്യൽ

DATE PAGE

## മികവിനായി ഏറ്റെടുക്കേണ്ട പ്രവർത്തനങ്ങൾ

| അക്കാദമികം | ഭൗതികം | സാമൂഹികം |
|---|---|---|
| • ഭാഷാശേഷി വികസനം<br>• മലയാളം പഠനപരിപോഷണം<br>• വായന പരിപോഷണം<br>• പഠനയാത്രകൾ<br>• ഇംഗ്ലീഷ് ശേഷി വികസനം<br>• കലാ ശാസ്ത്ര മേളകൾ<br>• ഐടി പരിശീലനം<br>• SRG ശാക്തീകരണം<br>• ശില്പശാലകൾ<br>• ഭിന്നശേഷി കുട്ടികളെ സമൂഹത്തിന്റെ മുഖ്യധാരയിൽ എത്തിക്കൽ<br>• അധ്യാപക ശാക്തീകരണ പരിപാടികൾ<br>• പോഷകാഹാര പരിപാടി<br>• ദിനാചരണങ്ങൾ<br>• മത്സര പരീക്ഷ പരിശീലനം<br>• ഗണിതോത്സവം<br>• ശാസ്ത്രോത്സവം<br>• ഭാഷോത്സവം | • കളിസ്ഥലം<br>• മാലിന്യ സംസ്കരണം<br>• പൂന്തോട്ടം<br>• ക്ലാസ് ലൈബ്രറി<br>• ഭിന്നശേഷി കുട്ടികളുടെ പഠനത്തിന് ആവശ്യമായ സൗകര്യങ്ങൾ<br>• ഓഡിറ്റോറിയം<br>• വായനാമുറി<br>• ചുറ്റുമതിൽ | • പിടിഎ ശക്തിപ്പെടുത്തൽ<br>• ഗ്രന്ഥശാലകൾ, ക്ലബ്ബുകൾ, സന്നദ്ധ സംഘടനകൾ, പൂർവ്വ അധ്യാപകർ, പൂർവ്വ വിദ്യാർത്ഥികൾ എന്നിവരുടെ സേവനം പ്രയോജനപ്പെടുത്തൽ<br>• ക്ലാസ് പിടിഎ മാതൃകാപരമാക്കുന്നതിനുള്ള പരിപാടികൾ<br>• ഭവന സന്ദർശനം<br>• വിദ്യാലയ മികവുകൾ പൊതുസമൂഹവുമായി പങ്കിടൽ |

## ഭാഷാപഠനം

### ലക്ഷ്യങ്ങൾ

* എല്ലാ കുട്ടികൾക്കും ആശയവ്യക്തതയോടെ എഴുതാനും വായിക്കാനുമുള്ള കഴിവ്
* ക്ലാസ് ലൈബ്രറി, സ്കൂൾ ലൈബ്രറി
* ഭാവാത്മകവും, ആസ്വാദ്യകരവുമായ വായനയിൽ വൈദഗ്ധ്യം നേടുക
* വായനാ സാമഗ്രികൾ കണ്ടെത്തുക, വികസിപ്പിക്കുക
* വായിച്ച പുസ്തകത്തിനെക്കുറിച്ച് വായനാ കുറിപ്പ് തയ്യാറാക്കുക
* വായനയും എഴുത്തും വികസിപ്പിക്കുന്നതിനുള്ള തന്ത്രങ്ങൾ വികസിപ്പിക്കുക
* എഴുത്തിന്റെ വിവിധ തലങ്ങൾ പരിചയപ്പെടുത്തുക
* ഭാഷയുമായി ബന്ധപ്പെട്ട CD, ICT സാധ്യതകൾ സജ്ജീകരിക്കുക
* ഭാഷാപരമായി പിന്നോക്കാവസ്ഥ പരിഹരിക്കുന്നു.
* സർഗാത്മക രചനയ്ക്കുള്ള അവസരം സൃഷ്ടിക്കുക.
* ആശയങ്ങൾ വിവിധ തരത്തിൽ ആവിഷ്കരിക്കുന്നതിനുള്ള കഴിവ് നേടുക.
* മികച്ച വായനാശീലം വളർത്തുക.

PAPER LINE

## ലക്ഷ്യങ്ങൾ പരിസരപഠനം

- ശാസ്ത്ര പഠനത്തിൽ താത്പര്യം വളർത്തുക, ലഘു പ്രോജക്ടുകൾ, ലഘു പരീക്ഷണങ്ങൾ എന്നിവ ചെയ്യുക.
- ശാസ്ത്രരീതി സ്വായത്തമാക്കാനുള്ള അനുഭവം ഒരുക്കുക. ശാസ്ത്ര രംഗത്തെ നൂതനാശയങ്ങൾ കുട്ടികൾക്ക് പ്രയോജനപ്പെടുത്തുക.
- ആധുനിക ശാസ്ത്ര സാങ്കേതിക വിദ്യ സാധ്യതകൾ ശാസ്ത്ര പഠനത്തിൽ പ്രയോജനപ്പെടുത്തുക
- ദിനാചരണങ്ങൾ, ബോധവത്കരണ പരിപാടികൾ, ചർച്ചകൾ, സംവാദങ്ങൾ സംഘടിപ്പിക്കുക
- ഓരോ ക്ലാസിലും പരിസര പഠനത്തിൽ കുട്ടി നേടേണ്ട ശേഷികൾ നേടി എന്ന് ഉറപ്പുവരുത്തുക
-

## ലക്ഷ്യങ്ങൾ ഗണിതം

- അടിസ്ഥാന ഗണിതക്രിയകൾ എല്ലാ കുട്ടികൾക്കും ഉറപ്പാക്കുക
- ഗണിതത്തെ നിത്യ ജീവിതവുമായി ബന്ധപ്പെടുത്തുക
- ഓരോ ക്ലാസിലും ഗണിത ശേഷികൾ നേടി എന്നുറപ്പാക്കുക
- ഗണിത ചിന്ത, യുക്തിചിന്ത, വിശകലന ശേഷി എന്നിവ എല്ലാ ~~കുട്ടികൾക്കും~~ കുട്ടികളിലും വളർത്തുക
- ആധുനിക സാങ്കേതികവിദ്യാ സാധ്യതകൾ ഗണിത പഠനത്തിനായി പ്രയോജനപ്പെടുത്തുക

## ഇംഗ്ലീഷ്

### ലക്ഷ്യങ്ങൾ

ഇംഗ്ലീഷിൽ ആത്മവിശ്വാസത്തോടെ ആശയവിനിമയം നടത്തുന്നതിന് പ്രാപ്തരാക്കുക

- സ്വതന്ത്ര വായന, എഴുത്ത് ഇതിൽ കുട്ടികളെ സജ്ജരാക്കുക.
- ക്ലാസ്തല വായനമൂല, സ്കൂൾ ലൈബ്രറി എന്നിവിടങ്ങളിൽ ലഘു ഇംഗ്ലീഷ് പുസ്തകങ്ങൾ സജ്ജീകരിക്കുക
- ഇംഗ്ലീഷ് Assembly നടത്തുക
- ഹലോ ഇംഗ്ലീഷ് മാതൃകയിൽ പാഠഭാഗങ്ങൾ അവതരിപ്പിക്കാൻ ആവശ്യമായ റിസോഴ്സുകൾ തയ്യാറാക്കുക.
- സ്വതന്ത്ര സാങ്കേതിക വിദ്യാഭ്യാസ സാധ്യതകൾ ഇംഗ്ലീഷ് ഭാഷാവികസനത്തിന് പ്രയോജനപ്പെടുത്തുക
-

## ഐ.സി.ടി സാധ്യതകൾ പ്രയോജനപ്പെടുത്തൽ

- വിവരസാങ്കേതിക വിദ്യ ഫലപ്രദമായി പ്രയോജനപ്പെടുത്തുക
- അറിവ് നിർമാണ പ്രക്രിയയിൽ വിവര സാങ്കേതിക വിദ്യയുടെ അനന്ത സാധ്യതകൾ ഉപയോഗപ്പെടുത്തുക

## പ്രവൃത്തി പരിചയം

- നിർമാണാത്മക കഴിവുകൾ എല്ലാ കുട്ടികളിലും വികസിപ്പിക്കുക
- ഇതര വിഷയങ്ങളുമായി / പഠനവുമായി പ്രവൃത്തി പരിചയാനുഭവത്തെ ബന്ധിപ്പിക്കുക.

## ഇംഗ്ലീഷ്

### ലക്ഷ്യങ്ങൾ

ഇംഗ്ലീഷിൽ ആത്മവിശ്വാസത്തോടെ ആശയവിനിമയം നടത്തുന്നതിന് പ്രാപ്തരാക്കുക

- സ്വതന്ത്ര വായന, എഴുത്ത് ഇതിൽ കുട്ടികളെ സജ്ജരാക്കുക.
- ക്ലാസ്തല വായനശാല, സ്കൂൾ ലൈബ്രറി എന്നിവിടങ്ങളിൽ ലഘു ഇംഗ്ലീഷ് പുസ്തകങ്ങൾ സജ്ജീകരിക്കുക
- ഇംഗ്ലീഷ് Assembly നടത്തുക
- ഹലോ ഇംഗ്ലീഷ് മാതൃകയിൽ പാഠഭാഗങ്ങൾ അവതരിപ്പിക്കാൻ ആവശ്യമായ റിസോഴ്സുകൾ തയ്യാറാക്കുക.
- സ്വതന്ത്ര സാങ്കേതിക വിദ്യാഭ്യാസ സാധ്യതകൾ ഇംഗ്ലീഷ് ഭാഷാവികസനത്തിന് പ്രയോജനപ്പെടുത്തുക
-

## ഐസിടി സാധ്യതകൾ പ്രയോജനപ്പെടുത്തൽ

- വിവരസാങ്കേതിക വിദ്യ ഫലപ്രദമായി പ്രയോജനപ്പെടുത്തുക
- അറിവ് നിർമാണ പ്രക്രിയയിൽ വിവര സാങ്കേതിക വിദ്യയുടെ അനന്ത സാധ്യതകൾ ഉപയോഗപ്പെടുത്തുക

## പ്രവൃത്തി പരിചയം

- നിർമാണാത്മക കഴിവുകൾ എല്ലാ കുട്ടികളിലും വികസിപ്പിക്കുക
- ഇതര വിഷയങ്ങളുമായി / പഠനവുമായി പ്രവൃത്തി പരിചയാനുഭവത്തെ ബന്ധിപ്പിക്കുക.

## പ്രതീക്ഷിക്കുന്ന നേട്ടങ്ങൾ

- ഓരോ വിദ്യാർത്ഥികൾക്കും പഠിക്കുവാനും ആസ്വാദിക്കുവാനും കഴിയും
- വിദ്യാർത്ഥികൾക്ക് പരസ്പര സ്നേഹവും സഹവർത്തിത്വവും ഉണ്ടാകുന്നു.
- കുട്ടികൾക്ക് സാമൂഹ്യബോധവും സഹാനുഭൂതിയും പകർന്നു നൽകു.
- വിദ്യാർത്ഥികളും അധ്യാപകരും, രക്ഷിതാക്കളും ചേർന്ന കൂട്ടായ പ്രവർത്തനം
- പാഠ്യ പാഠ്യേതര പ്രവർത്തനങ്ങളിൽ ഒരുപോലെ മികവ് പുലർത്തുക
- ഭിന്നശേഷിക്കാരായ കുട്ടികളെയും പഠന പിന്നോക്കാവസ്ഥയിലുള്ള കുട്ടികളും മുഖ്യധാരയിലെത്തി 'സാധ്യമായ ഉയരങ്ങളിലെത്തിക്കുക.

## മോണിറ്ററിംഗ്

- വിദ്യാഭ്യാസ വകുപ്പ്, ഹെഡ്മിസ്ട്രസ്, എസ്. ആർ. ജി, ക്ലാസ് പിടിഎ സംവിധാനങ്ങൾ

മേഖല : ഉദ്ഗ്രഥിതം    മേഖല: അക്കാദമികം

ആമുഖം

ഒന്ന്, രണ്ട് ക്ലാസിലെ കുട്ടികളുടെ സമഗ്ര വികസനമാണ് ഓരോ രക്ഷിതാവും അധ്യാപകരും ലക്ഷ്യം വയ്ക്കുന്നത്. ഇതിന് വായന, വിവിധ വ്യവഹാര രൂപങ്ങൾ, സ്വതന്ത്രമായ ആവിഷ്കരണങ്ങൾ, ശില്പശാല, സംയുക്ത ഡയറി, റീഡേഴ്സ് തിയേറ്റർ, പാട്ടരങ്ങ്, മധുരം മലയാളം, രചനോത്സവം, ഭാഷോത്സവം, കായിക വിദ്യാഭ്യാസം എന്നിങ്ങനെ വിവിധ മേഖലകളിൽ കുട്ടി കൈവരിക്കേണ്ടതായിട്ടുണ്ട്. അക്കാദമിക നേട്ടങ്ങൾ കൈവരിക്കുന്നതോടൊപ്പം കുട്ടികളുടെ ശാരീരികവും മാനസികവും വൈകാരികവുമായ നേട്ടങ്ങൾ കൂടി ലഭിക്കുവാൻ ആവശ്യമായ ഇടപെടലുകളാണ് ലക്ഷ്യമിടുന്നത്.

| ലക്ഷ്യം | പ്രവർത്തനം | കാലയളവ് | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| • എല്ലാ കുട്ടികളെയും ലളിതമായ ബാലസാഹിത്യ കൃതികൾ വായിച്ച് ആശയം ഗ്രഹിക്കാൻ കഴിവുള്ളവരാക്കുക | ഒന്നാന്തരം<br>ചിത്രകാർഡുകൾ | ജൂൺ<br>ജൂൺ | ക്ലാസ് അധ്യാപകർ | |
| • സ്വതന്ത്ര വായന, രചന | • സ്വതന്ത്ര രചനയ്ക്ക് അവസരം | ജൂലൈ<br>സെപ്റ്റംബർ | | |
| • എല്ലാ കുട്ടികളും രചനാപ്രവർത്തനങ്ങളിൽ മികവ് പുലർത്തുന്നു. | രചനോത്സവം | ജൂലൈ മുതൽ മാസംതോറും | | |

| | | | | |
|---|---|---|---|---|
| ത്മവിശ്വാസത്തോടെ സ്വതന്ത്ര വായന | ഭാഷോത്സവം | ജനുവരി | ക്ലാസ് അധ്യാപകർ | |

## മലയാളം

### ആമുഖം

ജീവിത സന്ദർഭങ്ങളിൽ ഭാഷ ശരിയായും സൗന്ദര്യത്തോടെയും വ്യക്തതയോടെയും പ്രയോഗിക്കാനുള്ള ശേഷി കുട്ടികളിൽ വളർത്താനുള്ള ശ്രമമാണ് എൽ.പി. തലത്തിൽ ആരംഭിക്കുന്നത്. ഇതാകട്ടെ കേവലം എഴുത്ത് രൂപത്തിൽ മാത്രമല്ല വേണ്ടത്. വാചികതലത്തിലും മതിയായ പ്രോത്സാഹനവും അവസരവും നൽകണം. ഭാഷയുടെ ആനന്ദാനുഭൂതി ആസ്വദിക്കാൻ കുട്ടികളെ പ്രാപ്തരാക്കണം. വർത്തമാനം പറയൽ, വായന, ചൊല്ലൽ, അഭിനയിക്കൽ തുടങ്ങി വ്യത്യസ്ത അവസരങ്ങളിലൂടെയാണിത് സാധിക്കുക. ഇതിനെല്ലാം മതിയായ അവസരം കുട്ടിക്ക് ലഭിക്കണം. പ്രഭാത സർഗ്ഗവേള അസംബ്ലി, കളികൾ, യാത്രകൾ, ബാലസഭ തുടങ്ങിയ സന്ദർഭങ്ങൾ ഒരുക്കണം

മേഖല : അക്കാദമികം    ഉപമേഖല : മലയാളം

| ലക്ഷ്യം | പ്രവർത്തനം | കാലയളവ് | ചുമതല | പിന്തുണ |
|---|---|---|---|---|
| ഭാഷാപരമായ പിന്നാക്കാവസ്ഥ പരിഹരിക്കാൻ വിദ്യാഭ്യാസ പ്രവർത്തനങ്ങൾക്ക് പരിഗണന. ഭാഷാപരമായി പിന്നാക്കം നിൽക്കുന്നവർക്ക് പ്രത്യേക പരിഗണന | • പ്രീടെസ്റ്റ്, അക്ഷരം ചിഹ്നം ഉറപ്പിക്കൽ, അക്ഷര കാർഡ്, വാക്കുകൾ ഉറപ്പിക്കൽ, വാക്യങ്ങൾ നിർമ്മിക്കൽ<br>ചിത്രങ്ങൾ - അടിക്കുറിപ്പ് തയ്യാറാക്കൽ<br>• കഥ പറയൽ<br>• കഥ പൂർത്തിയാക്കൽ<br>• മലയാളത്തിളക്കം | ജൂൺ<br>ജൂലൈ മുതൽ | ക്ലാസ് അധ്യാപകർ | പിടിഎ<br>BRC |
| • ആശയഗ്രഹണ വായന ഉറപ്പിക്കുക | • വായന കാർഡ്<br>• വിശകലന ചോദ്യങ്ങൾ<br>• ICT<br>• ക്ലാസ് ലൈബ്രറി<br>• ഹോം ലൈബ്രറി | വർഷം മുഴുവൻ | ക്ലാസ് ടീച്ചർ | SRG |

PAPER LINE

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക വിശകലനം |
|---|---|---|---|---|
| മികച്ച വായനാശീലം വളർത്തുക | എല്ലാ ക്ലാസിലും ക്ലാസ് ലൈബ്രറി ലഭ്യമാക്കുന്നു. പിറന്നാൾ പുസ്തകം പരിപാടിയിലൂടെ പുസ്തകങ്ങൾ ശേഖരിക്കുന്നു. വായനക്കോർണർ ഒരുക്കുന്നു. | ജൂൺ മുതൽ മാർച്ച് വരെ | ക്ലാസ് ടീച്ചർ | |
| അർത്ഥപൂർണ്ണമായി വായിക്കാൻ കുട്ടികൾക്ക് കഴിയുന്നു | ഒരു ദിനം ഒരു കുട്ടിയുടെ വായന | ജൂൺ മുതൽ മാർച്ച് വരെ | ക്ലാസ് ടീച്ചർ | |
| റീഡേഴ്സ് തിയേറ്റർ | ക്ലാസ് റൂം പ്രവർത്തനങ്ങളിൽ ഇതിന്റെ സാധ്യത പരമാവധി പ്രയോജനപ്പെടുത്തുന്നു. | ജൂൺ മുതൽ മാർച്ച് വരെ | ക്ലാസ്ടീച്ചർ | |
| • കുട്ടികളിൽ സാഹിത്യാഭിരുചി വളർത്തുക<br>• വായനാതാൽപര്യവും അഭിനയം വഴി വ്യക്തിത്വ വികസനവും | • സാഹിത്യരചനകൾ പരിചയപ്പെടുത്തുന്നു.<br>• റീഡേഴ്സ് തിയേറ്റർ. കുട്ടികൾക്ക് അഭിനയത്തോടെ വായന ചെയ്യാൻ പരിശീലനം | | | |

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല |
|---|---|---|---|
| ആശയങ്ങൾ വിവിധ തരത്തിൽ അവതരിപ്പിക്കുന്നതിനുള്ള കഴിവ് നേടുക | ഓരോ മാസത്തിലെ പഠന പ്രവർത്തനങ്ങളിലെ മികച്ച പ്രവർത്തനങ്ങൾ ഉൾക്കൊള്ളിച്ച് ക്ലാസ് തല കൈയെഴുത്ത് മാസിക ഒരുക്കൽ | എല്ലാ മാസവും | ക്ലാസ് ടീച്ചർ |
| • | • വിദ്യാലയ വിശേഷങ്ങൾ പങ്കുവയ്ക്കുന്ന ക്ലാസ് തല പതിപ്പുകൾ ഒരുക്കൽ | " | " |
| • എല്ലാ കുട്ടികളും അർത്ഥപൂർണ്ണമായി വായിക്കുന്നതിനും എഴുതുന്നതിനും പ്രാപ്തരാക്കുക | • വായിച്ച പുസ്തകങ്ങളെ കുറിച്ചുള്ള വായനാക്കുറിപ്പ് തയ്യാറാക്കൽ | ജൂൺ മുതൽ മാർച്ച് വരെ | " |
| • കുട്ടികളുടെ സർഗ്ഗാത്മക രചനകളുള്ള അവസരമൊരുക്കൽ | • കുട്ടികളുടെ രചനകൾ പ്രസിദ്ധീകരിക്കൽ | ഓരോ ടേമിലും | വിദ്യാരംഗം ഭാഷാക്ലബ്ബ് |
| • എഴുത്തിൽ നൈപുണ്യം സമഗ്രചിന്താശേഷി, ദേശീയ വിവേക ബോധം എന്നിവ വികസിപ്പിക്കുക | • കുട്ടികളുടെ നാട്ടുപരിചയത്തെ ആസ്പദമാക്കി കൂട്ടായ ഒരു ലേഖനം രൂപപ്പെടുത്തുന്നു. കുട്ടികൾക്ക് അനുഭവങ്ങൾ പങ്കുവയ്ക്കാനും എഴുതാനും അവസരം നൽകുന്നു. | ജൂൺ മുതൽ മാർച്ച് വരെ | പി.ടി.എ പ്രാദേശിക ക്ലബുകൾ |

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | സാമ്പത്തിക വിഭവങ്ങൾ |
|---|---|---|---|---|
| ആശയ വിനിമയ ശേഷി കൈവരിക്കൽ | • ആശയാവതരണ രീതിയിലൂടെ സചിത്ര പാഠങ്ങൾ രൂപീകരിക്കുക<br>• ചിന്താനാവസ്ഥ നേരിടുന്ന കുട്ടികൾക്ക് പ്രത്യേക പരിശീലനം | ജൂൺ, ജൂലൈ | ക്ലാസ് ടീച്ചർ | BRC<br>PTA |
| • ഭാവപ്രകടനം, ശബ്ദ പ്രയോഗം, സംഗീതാത്മകത തുടങ്ങിയ വൈവിധ്യങ്ങളിലൂടെ ഭാഷാജ്ഞാനവും ആത്മവിശ്വാസവും വളർത്തുക | • കുട്ടികൾ ആസ്വദിക്കുന്ന പാട്ടുകൾ രാഗ താളങ്ങളോടെ അവതരിപ്പിക്കുന്നു | ജൂൺ മുതൽ മാർച്ച് വരെ | സ്കൂൾ ഭാഷാ ക്ലബ് ക്ലാസ് ടീച്ചർ | SRG |
| • ഭാഷയുടെ വിവിധ ആശയ വിനിമയ രൂപങ്ങൾ മനസ്സിലാക്കുക. ഭാഷാ നൈപുണി പ്രകടിപ്പിക്കുക | • ഭാഷാ പ്രസംഗം, കഥ പറയൽ, കവിതാ പാരായണം പോസ്റ്ററുകൾ എന്നിവയുടെ പങ്കാളിത്തത്തോടെ ഭാഷാ മികവ് പ്രകടിപ്പിക്കാൻ അവസരം | ജൂൺ മുതൽ മാർച്ച് വരെ | സ്കൂൾ ഭാഷാക്ലബ് ക്ലാസ് ടീച്ചർ | SRG<br>PTA. |

## Introduction English

In kerala, there are opportunities for the learning of English right from the first std itself. Learners have to gain abilities to communicate fluently in English and also to use the language in various fields of life. Understanding the concept- Speaking, Reading and writing in English are abilities that the learner has to acquire right from the primary stage. Classrooms should become spaces for debate where children ~~are~~ can listen to correct English and also to respond in English

മേഖല : അക്കാദമികം    ഉപമേഖല - ഇംഗ്ലീഷ്

| ലക്ഷ്യം | പ്രവർത്തനം | കാലയളവ് | ചുമതല | പിന്തുണ |
|---|---|---|---|---|
| എല്ലാ കുട്ടികൾക്കും ഇംഗ്ലീഷ് ഭാഷ ഫലപ്രദമായി കൈകാര്യം ചെയ്യാനുള്ള ശേഷി നേടൽ | പഠനത്തിലെ തുടക്കത്തിൽ ടെസ്റ്റ് നടത്തി വിശകലനം ചെയ്ത് മികവുകളും പരിമിതികളും കണ്ടെത്തുന്നു. | ജൂൺ | ക്ലാസ്ടീച്ചർ | PTA<br>BRC |
| Creation of English atmosphere in the School<br><br>ഡിക്ഷ്ണറി നിർമ്മാണം രക്ഷിതാക്കളുടെ പങ്കാളിത്തത്തോടെ | • ഇംഗ്ലീഷ് അസംബ്ലി<br>• English library<br>• പതിപ്പുകൾ<br>• മാഗസിനുകൾ<br>• ഇംഗ്ലീഷ് ക്ലാസ് ലൈബ്രറി<br>• വായന സാമഗ്രികൾ<br>• പത്രം<br>• ICT ഉപയോഗപ്പെടുത്തൽ<br>• | ജൂണിലെ തിരഞ്ഞെടുത്ത ആഴ്ചയിൽ ഒരു ദിവസം<br><br>നവംബർ മുതൽ ഫെബ്രുവരി മാർച്ച് വരെ | SRG<br><br>ക്ലാസ്ടീച്ചർ | |
| To speak read and write English without any mistakes | • Pretest.<br>• Hello English<br>• conversation<br>• Riddles • Rhymes<br>• Self introduction<br>• Following sentence<br>• Use ICT<br>• Picture reading | June<br>July<br>August<br>September | Class Teacher | SRG |

DATE PAGE

| | | | | |
|---|---|---|---|---|
| • To develop reading skills | • Find words from the passage<br>• Rhyming words<br>• T B activities<br>• Arrang liabrary books in thi class room<br>• News paper reading<br>• Reading. Stories<br>• Telling Stories<br>• Twist for thi story<br>• Conversation | June to March | | |
| • Writing Skills | • word web<br>• Picture description<br>• word chain<br>• Diary<br>• poster<br>• News reports<br>• Editing | June to March | Class Teacher | |
| | Choreography<br>• Role play<br>• collection<br>• Riddles<br>• puzzle | June to March | | |

PAPER LINE

## പരിസര പഠനം

### ആമുഖം

പരിസരം എന്നത് വിശാലമായ അർത്ഥത്തിൽ ഒരു കുട്ടിയുടെ ജീവിതത്തെ സ്വാധീനിക്കുന്ന എല്ലാ ഘടകങ്ങളും ഉൾപ്പെടുന്നതാണ്. സസ്യങ്ങൾ, ജന്തുക്കൾ, പുഴകൾ, കുളങ്ങൾ, മലനിരകൾ, കൊടുമുടികൾ, ഭൂമി ആകാശം തുടങ്ങിയ എല്ലാ ഭൗതിക ഘടകങ്ങളും ഇതിൽ ഉൾപ്പെടുന്നു. പരിസരത്തെക്കുറിച്ച്, പരിസരത്തിനു വേണ്ടി, പരിസരത്തിലൂടെ പഠിക്കുന്നതാണ് പരിസര പഠനം. പ്രകൃതിയുമായി ബന്ധപ്പെട്ട നേരനുഭവവും നിരീക്ഷണവും വഴി കുട്ടികളിൽ കൗതുകവും ജിജ്ഞാസ, നിരീക്ഷണപാടവം എന്നിവ വളർത്തുക, പരിസ്ഥിതിയുടെ മെച്ചപ്പെടുത്തൽ, സംരക്ഷണം എന്നിവയ്ക്കാവശ്യമായ ധാരണകൾ, ശേഷികൾ, മൂല്യങ്ങൾ മനോഭാവം എന്നിവ ആർജ്ജിക്കുക തുടങ്ങിയവ പരിസര പഠനത്തിലൂടെ ലക്ഷ്യമിടുന്നു.

DATE

PAGE

| | | | | |
|---|---|---|---|---|
| മനോഭാവങ്ങൾ മൂല്യങ്ങൾ തീരുമാനമെടുക്കൽ എന്നിവയിലൂടെ ശേഷി നേടൽ<br><br>• ശാസ്ത്രാഭിരുചി കുട്ടികളിൽ വളർത്തൽ | • സാങ്കേതിക വിദ്യയുമായി ബന്ധപ്പെട്ട പ്രശ്ന പരിഹാരണം ആസൂത്രണം ചെയ്യൽ<br><br>• പരീക്ഷണങ്ങൾ<br>• ശാസ്ത്രക്വിസ്<br>• മാതൃക നിർമ്മാണം<br>• ICT സാധ്യത | ജൂൺ മുതൽ | ക്ലാസ് ടീച്ചർ | പിടിഎ<br>SRG<br>BRC |
| | • പ്രകൃതി നടത്തം<br>• സൃഷ്ടി നിരീക്ഷണം<br>• തരംതിരിക്കൽ<br>• പരീക്ഷണങ്ങളിലൂടെ അന്വേഷിച്ചറിയൽ | ജൂൺ മുതൽ മാർച്ച് വരെ | ക്ലാസ് ടീച്ചർ | SRG<br>PTA<br>BRC. |
| • നിരീക്ഷണ പാടവം കുട്ടികളിൽ വളർത്തൽ | • പരസ്പരാശ്രയത്വം<br>• ആവാസവ്യവസ്ഥ<br>• പ്രകൃതി പ്രതിഭാസങ്ങൾ തിരിച്ചറിയൽ | | | |
| ശാസ്ത്രാവബോധം ശേഷി വികസിപ്പിക്കുക | പഠനഭാഗവുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ | ജൂൺ മുതൽ മാർച്ച് വരെ. | ക്ലാസ് ടീച്ചർ | |

## ഗണിതം

### ആമുഖം

മനുഷ്യ സമൂഹത്തിന്റെ വികാസത്തിന് ഗണിത ശാസ്ത്രം വലിയ സംഭാവന നൽകിയിട്ടുണ്ട്. എണ്ണൽ, കാലഗണന എന്നീ ആവശ്യങ്ങളിൽ തുടങ്ങിയ ഗണിത ചിന്ത നീളം, അളക്കൽ, ജ്യാമിതി, ഗണിത ക്രിയകൾ എന്നിവയിലൂടെ വികസിച്ച് സാങ്കേതിക വിദ്യയിലെത്തി നിൽക്കുന്നു. അറിവ് നിർമാണ പ്രക്രിയയിലൂടെ ഉൾപ്പെട്ട് അനുഭവങ്ങൾ സ്വാംശീകരി-ക്കുന്ന വഴിയാണ് കുട്ടിയിൽ മാറ്റങ്ങളുണ്ടാകുന്നത്. അറിവിനെ ജീവിത പരിസരവുമായി ബന്ധിപ്പിക്കുന്നതിലൂടെ തിരിച്ചറിവാകാനും പുതിയ സാഹചര്യത്തിൽ പ്രയോഗിക്കാനും പ്രശ്ന പരിഹരണ ശേഷി വളർത്താനും കുട്ടിയെ പ്രാപ്തമാക്കുകയും അതോടൊപ്പം സർഗാത്മകത വളർത്തുന്നതിനും ഗവേഷണത്തിനും, ഗണിതം ആസ്വാദ്യയാക്കി മാറ്റുന്നതിന് ആവശ്യമായ പ്രവർത്തനങ്ങളും ക്രമപ്പെടുത്തിയിട്ടുണ്ട്. പ്രവർത്തനങ്ങളെ കളികളുമായും സർഗാത്മക പ്രവർത്തനങ്ങളുമായും കൂട്ടി ചേർത്തുകൊണ്ടാണ് ഗണിത പഠനം അവതരിപ്പിക്കുന്നത്

മേഖല : അക്കാദമികം

ഉപമേഖല : ഗണിതം

| ലക്ഷ്യം | പ്രവർത്തനം | കാലയളവ് | ചുമതല | പിന്തുണ |
|---|---|---|---|---|
| • സംഖ്യാ വ്യവഹാരം സംഖ്യകളെ വ്യാഖ്യാനിക്കാനുള്ള ശേഷി ഉറപ്പിക്കുക.<br>• ഗണിത പഠനം രസകരവും ആസ്വാദ്യകരവും ആക്കി കുട്ടിക്ക് അനുഭവമാക്കുക | • സംഖ്യാ പാറ്റേണുകളിലെ സംഖ്യാവബോധം കണ്ടെത്തൽ<br>• ഒരു സംഖ്യയോട് ഒന്ന് കൂട്ടുമ്പോൾ കിട്ടുന്ന സംഖ്യ കിട്ടും. ഒന്ന് കുറയ്ക്കുമ്പോൾ തൊട്ടു മുൻപുള്ള സംഖ്യ കിട്ടും.<br>• അത്രെ എണ്ണം പറയൽ<br>• വസ്തുക്കൾ ഉപയോഗിച്ച് ആരോഹണം അവരോഹണം<br>• വലുത് ചെറുത്<br>• സങ്കലനം ഉറപ്പിക്കൽ | ജൂൺ<br>ജൂലൈ<br>ഓഗസ്റ്റ്<br>സെപ്റ്റംബർ<br>ഒക്ടോബർ | ക്ലാസ് ടീച്ചർ | SRG<br>PTA |
| • ഗണിതകിറ്റ് ഉറപ്പാക്കി ഒന്നിന്റെയും പത്തിന്റെയും കൂട്ടങ്ങൾ ചേർത്ത് സംഖ്യകൾ രൂപീകരിക്കൽ<br>• സങ്കലനം വ്യവകലനം ഉറപ്പിക്കൽ | വസ്തുക്കൾ ഉപയോഗിച്ചുള്ള പ്രവർത്തനങ്ങൾ<br>• വിവിധ നാടൻ കളികളിലൂടെ സംഖ്യാവബോധം ഉറപ്പാക്കൽ<br>• കളിനോട്ട് ഉപയോഗിച്ച് ഒന്ന്, നൂറ് എന്നിവയുടെ കൂട്ടങ്ങൾ ആക്കി മാറ്റുന്നു | നവംബർ<br>ഡിസംബർ | ക്ലാസ് ടീച്ചർ | |

DATE

PAGE

| ലക്ഷ്യം | പ്രവർത്തനം | ഗുണഭോക്താവ് | ചുമതല | പിന്തുണ |
|---|---|---|---|---|
| • ജ്യാമിതിയ രൂപങ്ങൾ | • പാഠഭാഗത്തുള്ള പ്രവർത്തനങ്ങൾ<br>• ഈർക്കിൽ, തീപ്പെട്ടി എന്നിവ ഉപയോഗിച്ച് ജ്യാമിതിയ രൂപങ്ങളുടെ നിർമ്മാണം<br>• വെള്ളിട്ടങ്ങിൽ പ്രിന്റിംഗ് | കുട്ടികൾ രക്ഷിതാക്കൾ | ക്ലാസ് ടീച്ചർ | PTA. |
| സംഖ്യാവബോധം ഉറപ്പിക്കൽ കൃത്യതയോടും സൂക്ഷ്മതയോടും കാര്യങ്ങൾ ചെയ്യുന്നതിനും അതിന്റെ പ്രാധാന്യം മനസ്സിലാക്കുന്നതിനും | • നിത്യജീവിത അനുഭവിലുള്ള പാഠങ്ങൾ<br>• വിവരശേഖരണം<br>• പട്ടികപ്പെടുത്തൽ<br>• വിവിധതരം അനുഭവങ്ങൾ<br>• കലണ്ടർ നിർമ്മാണം<br>• സമയം • പരസ്പരബന്ധം കണ്ടെത്തൽ<br>• പസിലുകൾ<br>• നിർമ്മാണപ്രവർത്തനങ്ങൾ | കുട്ടികൾ മുതൽ | ക്ലാസ് ടീച്ചർ SRG | PTA BRC |

PAPER LINE

DATE PAGE

മേഖല : അക്കാദമികം
ഉപമേഖല : ICT

| ലക്ഷ്യം | പ്രവർത്തനം | കാലയളവ് | ചുമതല | പിന്തുണ |
|---|---|---|---|---|
| - പഠനം ലളിതവും ആസ്വാദ്യകരവും ആക്കുന്നതിന് | • വിഷയാധിഷ്ഠിത പഠന പ്രവർത്തനങ്ങൾ<br>• കളികൾ<br>• കളിപ്പെട്ടി<br>• വിവിധയിനം കലാരൂപങ്ങൾ<br>• നിർമാണ പ്രവർത്തനങ്ങൾ<br>• ടൈപ്പിംഗ് | ജൂൺ മുതൽ | ക്ലാസ് ടീച്ചർ<br>ഐടി ടീച്ചർ | SRG<br>BRC |

മേഖല : അക്കാദമികം
ഉപമേഖല : ക്ലബ്ബുകൾ

| ലക്ഷ്യം | പ്രവർത്തനം | കാലയളവ് | ചുമതല | പിന്തുണ |
|---|---|---|---|---|
| - പാഠ്യവിഷയങ്ങൾ ആസ്വാദ്യകരമാക്കുന്നതിന് ശാസ്ത്രാഭിരുചി വളർത്തുന്നതിന് ലാബുകൾ | - ഗണിത ക്ലബ്ബ്<br>• ശാസ്ത്ര ക്ലബ്ബ്<br>• പഠനോപകരണ നിർമാണം<br>• പാഴ്‌വസ്തുക്കൾ നിർമാണം<br>- ചിത്രങ്ങൾ നിർമാണം<br>• അബാക്കസ്<br>• കളി ഉപകരണങ്ങൾ | ജൂൺ മുതൽ | അതാത് ക്ലാസ് ടീച്ചർ | BRC<br>SRG. |

മേഖല : അക്കാദമികം
ഉപമേഖല : പ്രവൃത്തി പരിചയം / കലാ പഠനം

| | | | | |
|---|---|---|---|---|
| • കുട്ടികളുടെ സർഗാത്മക കലാവാസന | നൃത്തം<br>ചിത്രരചന<br>വിഷയാധിഷ്ഠിത പ്രവർത്തന | ജൂൺ മുതൽ | ക്ലാസ് ടീച്ചർ | BRC<br>PTA |

[illegible] പരിപോഷിപ്പിക്കുക.

PAPER LINE

DATE

PAGE

മേഖല : അക്കാദമികം

ഉപമേഖല : ആരോഗ്യ കായിക വിദ്യാഭ്യാസം

| ലക്ഷ്യം | പ്രവർത്തനം | കാലയളവ് | ചുമതല | വിഭവങ്ങൾ |
|---|---|---|---|---|
| • കുട്ടികളിൽ ആരോഗ്യകരമായ ജീവിത ശൈലികളും മനോഭാവങ്ങളും വളർത്തുക<br>• കളികളിലൂടെയുള്ള പഠനം<br>• പി.ടി<br>• സുംബാ ഡാൻസ് | • ശരിയായ ആരോഗ്യ ശീലങ്ങൾ<br>• ശരീര ചലനം നിയന്ത്രിക്കുന്ന വിവിധ ഘടകങ്ങൾ തിരിച്ചറിയൽ<br>• ശരീരത്തെ സർഗ്ഗാത്മകമായ ചലനങ്ങൾക്കുള്ള ഉപാധിയാക്കി വികസിപ്പിക്കുക | ജൂൺ മുതൽ | ക്ലാസ് അധ്യാപകർ | BRC<br>SMC<br>PTA. |
| | • സാമൂഹിക ഉത്തരവാദിത്വങ്ങൾ ഉള്ളതായി ഉത്പാദനപരമായ ജീവിതശൈലികൾ<br>• സർവതോന്മുഖമായ വികാസം ഉറപ്പുവരുത്തുന്നതിനുള്ള പ്രവർത്തനങ്ങൾ | ജൂൺ മുതൽ | | |
| • വ്യത്യസ്ത രീതിയിലുള്ള സർഗ്ഗാത്മക പരിശീലനം<br>• എല്ലാ വെള്ളിയാഴ്ചയും സർഗ്ഗവേള | • വിഷയാധിഷ്ഠിത ക്വിസ്<br>• സർഗ്ഗ വേദികൾ<br>• മത്സരങ്ങൾ (സ്കൂൾ തലം, ഉപജില്ലാതലം)<br>• സ്കൂൾ അസംബ്ലി<br>• ബാല സഭ<br>• വിദ്യാരംഗം കലാ വേദി | ജൂൺ മുതൽ | അധ്യാപകർ | PTA |

DATE [ ] PAGE [ ]

മേഖല: അക്കാദമികം    ഉപമേഖല: പ്രത്യേക പരിഗണന അർഹിക്കുന്നവർ

| ലക്ഷ്യം | പ്രവർത്തനം | കാലയളവ് | ചുമതല | പിന്തുണ |
|---|---|---|---|---|
| • പ്രത്യേക പരിഗണന അർഹിക്കുന്നവർക്ക് പ്രത്യേക പരിഗണന നൽകൽ | • കണ്ടെത്തൽ<br>• കളികൾ<br>• നിർമ്മാണ പ്രവർത്തനങ്ങൾ<br>• വ്യത്യസ്ത തലങ്ങളിലുള്ള പഠനരീതി<br>• ICT<br>• രക്ഷിതാക്കൾക്ക് ബോധവൽക്കരണം<br>• വിദഗ്ദരുടെ സേവനം പ്രയോജനപ്പെടുത്തൽ<br>• കലാസാഹിത്യരംഗങ്ങളിൽ അവസരം | ജൂൺ മുതൽ | ക്ലാസ് ടീച്ചർ<br>IED അധ്യാപകർ | BRC<br>PTA. |

മേഖല: അക്കാദമികം    ഉപമേഖല: മൂല്യനിർണയം

| ലക്ഷ്യം | പ്രവർത്തനം | കാലയളവ് | ചുമതല | പിന്തുണ |
|---|---|---|---|---|
| • മൂല്യനിർണ്ണയത്തിനും രേഖപ്പെടുത്തലിനും നിരന്തരവിലയിരുത്തൽ | • പഠനപ്രക്രിയ<br>• പോർട്ട്ഫോളിയോ<br>• പങ്കാളിത്തം<br>• വ്യക്തിഗത രചന<br>• ശേഖരണം<br>• സർഗ്ഗാത്മക സൃഷ്ടികൾ<br>• വർക്ക് ഷീറ്റുകൾ<br>• വിലയിരുത്തൽ ചോദ്യങ്ങൾ തയ്യാറാക്കൽ | ജൂൺ മുതൽ | ക്ലാസ് അധ്യാപകർ | BRC<br>PTA. |

മേഖല : അക്കാദമികം      ഉപമേഖല : ഭിന്നശേഷിക്കാരുടെ സമഗ്ര...

| ലക്ഷ്യം | പ്രവർത്തനം | കാലയളവ് | ചുമതല | പിന്തുണ |
|---|---|---|---|---|
| പാഠ്യ വിഷയങ്ങളിൽ സമ്പൂർണ്ണതയുടെ പിന്തുണ | • ഗൃഹ സന്ദർശനം<br>• ക്ലാസ്സ്തല PTA<br>• ഫീൽഡ് ട്രിപ്പ്<br>• സ്കൂൾ തല അവസരങ്ങളിൽ പങ്കെടുപ്പിക്കൽ<br>• പ്രവൃത്തി പരിചയ പരിശീലനം<br>• പൂർവ്വ വിദ്യാർത്ഥി സംഗമം<br>• കലാ കായിക മത്സരങ്ങൾ | ആഗസ്റ്റ് മുതൽ | പിടിക അദ്ധ്യാപകർ | PTA |

## അനുരൂപീകരണം

ശാരീരിക സവിശേഷതകൾ ഉള്ള കുട്ടികൾക്കായി പ്രത്യേക പ്രവർത്തനങ്ങൾ അനുരൂപണം ചെയ്യുന്നു.

ഭാഷ : ചിത്രവായന, അക്ഷര ചിത്രങ്ങൾ, ICT

English : പദസൂര്യൻ, സ്റ്റാമ്പ് പിട്ട്, വായനാകാർഡ്, പാട്ടുകൾ, സഹപഠനം

ഗണിതം : അബാക്കസ്, സ്ഥാനവില പോക്കറ്റ്, ഗണിതകിറ്റ്, ഗണിതപ്പാട്ട്, നമ്പർ കാർഡുകൾ, മണി ചെയിൻ, സഹപഠനം

പരിസര പഠനം : നിരീക്ഷണം, ICT സാധ്യത, ചിത്രശേഖരണം, സഹപഠനം, പരീക്ഷണങ്ങൾ

മേഖല: അക്കാദമികം    ഉപമേഖല: പോഷകാഹാര പരിപാടി

| ലക്ഷ്യം | പ്രവർത്തനം | കാലയളവ് | ചുമതല | പിന്തുണ |
|---|---|---|---|---|
| ആരോഗ്യമുള്ള തലമുറയെ വാർത്തെടുക്കുക | • ആരോഗ്യ ബോധവൽക്കരണ ക്ലാസുകൾ<br>• പോഷകാഹാരത്തിന്റെ അളവുകൾ<br>• ഭക്ഷ്യവിഭവങ്ങളിൽ ഉണ്ടാകുന്ന ഘടകങ്ങൾ ഏതെല്ലാമായവ സൂചിപ്പിക്കുന്ന ചാർട്ട്<br>• ജൈവ കൃഷി<br>• ആഴ്ചയിൽ ഒരിക്കൽ ഇലക്കറി ഭക്ഷണത്തിൽ ഉൾപ്പെടുത്താൻ തീരുമാനിക്കുന്നു. | ജൂൺ മുതൽ മാർച്ച് വരെ | HM<br>Noon meal ചാർജുള്ള അധ്യാപകർ<br>Noon meal കമ്മിറ്റി<br>ക്ലീനർ | PTA<br>Noon meal Officer |

മേഖല: അക്കാദമികം    ഉപമേഖല: ലൈബ്രറി

| ലക്ഷ്യം | പ്രവർത്തനം | കാലയളവ് | ചുമതല | പിന്തുണ |
|---|---|---|---|---|
| എല്ലാവരെയും സ്വതന്ത്ര വായനക്കാരാക്കി മാറ്റുക | • ലൈബ്രറി നവീകരണം<br>• വായനാ കുറിപ്പുകൾ<br>• ക്ലാസ് പത്രം<br>• സ്കൂൾ പത്രം<br>• വായനാ മത്സരം<br>• ജന്മദിന പുസ്തകം<br>• വായനയുടെ വ്യത്യസ്ത തലങ്ങൾ പരിചയപ്പെടുത്തൽ | ജൂൺ മുതൽ മാർച്ച് വരെ | ക്ലാസ് ടീച്ചർ<br>ലൈബ്രറി ചുമതലയുള്ള അധ്യാപകർ | BRC<br>PTA. |

## ഉപസംഹാരം

മനുഷ്യനെ മനുഷ്യത്വമുള്ളവനാക്കുന്ന മഹാപ്രക്രിയയാണ് വിദ്യാഭ്യാസം. വിദ്യാഭ്യാസ രംഗത്തെ കച്ചവട മനോഭാവവും സ്വകാര്യവൽക്കരണവും ദൂരവ്യാപകമായ ദോഷ ഫലങ്ങൾ സൃഷ്ടിച്ചുകൊണ്ടിരിക്കുകയാണ്. സമഗ്രവും ശാസ്ത്രീയവും സ്ഥായിയുമായ കർമ്മ പദ്ധതികൾ സൃഷ്ടിച്ചുകൊണ്ടും നവോത്ഥാന മൂല്യങ്ങൾ കാത്തുരക്ഷിച്ചും പൊതു വിദ്യാഭ്യാസരംഗം സംരക്ഷിക്കേണ്ടത് ഓരോ പൗരന്റെയും കടമയാണ്. അതിന് 2025-26-ലെ ഈ അക്കാദമിക് മാസ്റ്റർ പ്ലാൻ ഉപകരിക്കുമെന്ന് പ്രതീക്ഷിക്കുന്നു.